മടവൂർ പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതിക്കാർ

663. [889] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിളിമാന്നൂർ മണ്ഡലത്തിൽ മടവൂർ പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത എത്ര പട്ടികജാതിക്കാർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

മടവൂർ പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത 300 കുടുംബങ്ങളിൽ 240 പട്ടികജാതി കുടുംബങ്ങളുണ്ട്.

മുദാക്കൽ പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതിക്കാർ

664. [890] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിളിമാന്നൂർ മണ്ഡലത്തിൽ മുദാക്കൽ പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത എത്ര പട്ടികജാതിക്കാർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

മുദാക്കൽ പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത 300 കുടുംബങ്ങളിൽ 210 പട്ടികജാതി കുടുംബങ്ങളുണ്ട്.

കിളിമാന്നൂർ മണ്ഡലത്തിൽ ഭൂമിയും വീടും ഇല്ലാത്തവർക്ക് വീട് വച്ചുകൊടുക്കുന്നതിനുള്ള പരിപാടി

665. [891] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാന്നൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്ക് വീടുവച്ചുകൊടുക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് പഞ്ചായത്തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് കാർഷികതൊഴിലാളി ഫെഡറേഷന്റെ (എ. ഐ. ടി. യു. സി) ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി ദിനത്തിൽ സംസ്ഥാനവ്യാപകമായി നിരാഹാരം അനുഷ്ഠിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിയും വീടും നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ. എൽ. ഇ. ജി. പി. പദ്ധതിയനുസരിച്ച് 217 വീടുകളും എൻ. ആർ. ഇ. പി. പദ്ധതി അനുസരിച്ച് 104 വീടുകളും 85-86-ലെ സ്പിൽ ഓവർ ഇനത്തിലും, 1986-87 സാമ്പത്തികവർഷത്തിൽ യഥാക്രമം 108-ും 73-ും വീടുകളും ഉൾപ്പെടെ, 502 വീടുകളുടെ പണി നടന്നുവരുന്നു. പഞ്ചായത്തുതിരിച്ചുള്ള കണക്കുകളുടെ വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

കരുംകുളം ലാൻറ് റിക്കാർഡ്സ് സെറ്റിൽമെൻറ് ഓഫീസ്

666. [892] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുംകുളം വില്ലേജിൻെറ ലാൻറ് റിക്കാർഡ്സ് സെറ്റിൽമെൻറ് ഓഫീസ് ഇപ്പോഴും വളരെ ദൂരെ ഉള്ള അമരവിളയിൽ പ്രവർത്തിക്കുന്നതിൻെറ കാരണം വ്യക്തമാക്കാമോ ;

(ബി) മറ്റു വില്ലേജുകളിൽ ലാൻറ് റിക്കാർഡ്സ് ഓഫീസ് അതാതു വില്ലേജുകളിൽതന്നെ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഈ ഓഫീസും കരുംകുളം വില്ലേജിലേക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ചെങ്കൽ, കുളത്തൂർ, കരുംകുളം എന്നീ മൂന്നു വില്ലേജുകളുടെ ലാൻറ് റിക്കാർഡ്സ് ജോലികളാണ് അമരവിള സ്പെഷ്യൽ തഹശീൽദാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ മൂന്നു വില്ലേജുകൾക്കും സൗകര്യപ്രദമായിട്ടാണ് ആഫീസ് അമരവിളയിൽ സ്ഥാപിച്ചിട്ടുള്ളത്.

(ബി) ഓരോ വില്ലേജിനും പ്രത്യേകമായി ലാൻറ് റിക്കാർഡ്സ് സെറ്റിൽമെൻറ് ഓഫീസ് അനുവദിച്ചിട്ടില്ല. ഈ ജില്ലയിൽ നിലവിലുള്ള അഞ്ചു ലാൻറ് റിക്കാർഡ്സ് സ്പെഷ്യൽ തഹസീൽദാർ ഓഫീസുകളിലും മൂന്നോ അതിലധികമോ വില്ലേജുകളിലെ ജോലി ചെയ്തുവരുന്നു. ഓരോ ഓഫീസിലും കൈകാര്യം ചെയ്യുന്ന വില്ലേജുകളുടെ മൊത്തം സൗകര്യം കണക്കിലെടുത്ത് സൗകര്യപ്രദമായ സ്ഥലത്താണ് സ്ഥാപിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഓരോ വില്ലേജിൻെറയും ജോലി ചെയ്യുന്ന സ്പെഷ്യൽ തഹശീൽദാർ ഓഫീസ് ആ വില്ലേജിൽതന്നെ സ്ഥാപിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

പുറമ്പോക്കു ഭൂമികളിൽ താമസിക്കുന്ന കുടുംബങ്ങൾ

667. [896] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ടി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി വീടുവെയ്ക്കാൻ സ്ഥലമില്ലാത്തവരും റോഡ് പുറമ്പോക്കുകളിലും കനാൽ പുറമ്പോക്കുകളിലും മറ്റുമായി താമസിക്കുന്നവരുമായ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) അവർക്ക് വീടുവെയ്ക്കാൻ സ്ഥലംകൊടുത്ത് പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കൃത്യമായ കണക്കില്ല.
(ബി) ഭൂരഹിത ഗ്രാമീണതൊഴിലാളികൾക്ക് വീടുവയ്ക്കാൻ സ്ഥലം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly